B

502

# വാർഷിക മൂല്യനിർണയം 2015-2016

## മലയാളം I

## കേരളപാഠാവലി

ക്ലാസ്സ് V

സമയം: 2 മണിക്കൂർ

നിർദ്ദേശങ്ങൾ:

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

പ്രവർത്തനം 1



(എ) മലയാളത്തിലെ പ്രശസ്തമായ നോവലിലെ ഒരു സന്ദർഭമാണിത്.ഈ ചിത്രത്തിൽ നിന്ന് എന്തൊക്കെയാണ് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചത്? കുറിപ്പു തയ്യാറാക്കുക.

(ബി) താഴെ തന്നിരിക്കുന്നവയിൽ ബഷീറിന്റേതല്ലാത്ത കൃതി ഏത്?
(ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, ഉമ്മാച്ചു, മതിലുകൾ)

പ്രവർത്തനം - 2

വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'വെള്ളിലവള്ളി' എന്ന കവിതയിൽ വെള്ളിലവള്ളിയുടെ സവിശേഷതകൾ കവി അവതരിപ്പിക്കുന്നത് നിങ്ങൾ മനസ്സിലാക്കിയല്ലോ! ഈ ആശയവുമായി ബന്ധമുള്ള ഒരു കവിത വായിക്കാം

**പൂക്കാലം**

പൂക്കുന്നിതാമുല്ല പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം,
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾ പോലെ

എല്ലാടവും പുഷ്പഗന്ധം പരത്തീ
മെല്ലെന്നു തെക്കുന്നു വീശുന്നുവായു;
ഉല്ലാസമീ നീണ്ട കൂകൂരവത്താ -
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

പാടങ്ങൾ പൊന്നിൻ നിറംപൂണ്ടു,നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പു കൊത്തി -
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

(കുമാരനാശാൻ)

രവം = ശബ്ദം കോകിലം = കുയിൽ

(എ) അന്തിമേഘങ്ങൾ പോലെ ചോക്കുന്നത് എന്ത്?
(ആകാശം, കാട്, പാടങ്ങൾ)

(ബി) കവിതയ്ക്ക് ***ആസ്വാദനക്കുറിപ്പ്*** തയ്യാറാക്കുക
താഴെ കൊടുത്ത സൂചനകൾകൂടി പരിഗണിക്കുമല്ലോ.
* പൂക്കളുടെ വൈവിധ്യം
* പൂക്കാലം ഓരോന്നിലും ഉണ്ടാക്കുന്ന മാറ്റങ്ങൾ

**പ്രവർത്തനം - 3**

"വായിച്ചുവളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും"
കുഞ്ഞുണ്ണിമാഷ്



"വായന ഒരുവനെ
പൂർണനാക്കുന്നു"
ഫ്രാൻസിസ് ബേക്കൺ

(എ) ഉദ്ധരണികളും ചിത്രവും നൽകുന്ന സൂചനകളിൽ നിന്ന് വായനയുടെ പ്രാധാന്യത്തെക്കുറിച്ച് ഒരു ലഘുപ്രസംഗം തയ്യാറാക്കുക.

(ബി) ***പൊട്ടിച്ച്, എടുത്ത*** എന്നിവ ചേർന്നാണ് **പൊട്ടിച്ചെടുത്ത** എന്ന പദമുണ്ടായത്. എങ്കിൽ **മണൽപ്പുറം** ഏതൊക്കെ പദങ്ങൾ ചേർന്നാണുണ്ടായത്?

## പ്രവർത്തനം - 4

ജനങ്ങൾ പറഞ്ഞ് പറഞ്ഞ് പ്രചരിച്ചിട്ടുള്ള വാമൊഴി രൂപങ്ങളാണ് പഴഞ്ചൊല്ലുകൾ.ജീവിതത്തിൽ പഴഞ്ചൊല്ലുകൾ ഉപയോഗിക്കാത്തവർ ഉണ്ടാവില്ല.

നിങ്ങൾക്ക് പരിചിതമായ ഒരു പഴഞ്ചൊല്ലിതാ:

***'പണത്തിനുമീതെ പരുന്തും പറക്കില്ല'***

(എ) ഈ പഴഞ്ചൊൽ വ്യാഖ്യാനിച്ച് എഴുതുക.

(ബി) കൃഷിയുമായി ബന്ധപ്പെട്ട ഒരു പഴഞ്ചൊല്ലെഴുതുക.

## പ്രവർത്തനം - 5

(എ) 'ഭൂമി സനാഥയാണ്' എന്ന കവിതയെഴുതിയ വയലാറിനെ നിങ്ങൾ പരിചയപ്പെട്ടല്ലോ! തന്നിരിക്കുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി കവിയുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

- തൂലിക പടവാളാക്കിയ കവി
- വാളല്ലെൻ സമരായുധം എന്ന് പ്രഖ്യാപിച്ച കവി
- സിനിമാ - നാടക ഗാനരചയിതാവ്
- കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ
- ◆ സർഗസംഗീതം ◆ പാദമുദ്രകൾ ◆ കൊന്തയും പൂണൂലും ◆ എനിക്കു മരണമില്ല — പ്രധാന കൃതികൾ

(ബി) മാതൃക പോലെ എഴുതുക

നാദതരംഗം - നാദത്തിന്റെ തരംഗം, എങ്കിൽ

നക്ഷത്രക്കതിർ - -------------------

exam WiNNER ®